"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കണ്ണൂർ ജില്ല - റോഡുകളുടെ പുനരുദ്ധാരണം ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.27/2026/DMD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-
1. സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി. തീയതി, 27.03.2018
2. സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി തീയതി, 21.09.2023
3. സ. ഉ. (സാധാ) നം. 115/2024/ഡി.എം.ഡി തീയതി, 29.01.2024.
4. സ. ഉ. (സാധാ) നം. 203/2024/ഡി.എം.ഡി തീയതി, 17.02.2024
5. കണ്ണൂർ ജില്ലാകളക്ടറുടെ 29.08.2024 ലെ DCKNR/14186/2023-DM3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ താഴെ പറയുന്ന പ്രവൃത്തികൾക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു.

| പ്രവൃത്തി | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|
| വട്ടക്കയം - ഉദയം റോഡ് | ആലക്കോട് | 5 ലക്ഷം |
| മേരിഗിരി- കാളികുളം- തേർത്തല്ലി റോഡ് | ആലക്കോട് | 5 ലക്ഷം |
| മുട്ടത്താം വയൽ - രത്നഗിരി റോഡ് | ഉദയഗിരി | 5 ലക്ഷം |
| വളക്കൈ മദ്രസ്സ- ആനപ്പട്ടം റോഡ് | ചെങ്ങളായി | 5 ലക്ഷം |

2) എന്നാൽ ടി പ്രവൃത്തികളിൽ വട്ടക്കയം - ഉദയം റോഡ്, മുട്ടത്താം വയൽ - രത്നഗിരി റോഡ്, വളക്കൈ മദ്രസ്സ - ആനപ്പട്ടം റോഡ് എന്നിവയ്ക്ക് പുതിയ ടാറിംഗ് പ്രവൃത്തിയാണ് ആവശ്യമുള്ളത് എന്നതിനാൽ കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുവാൻ സാധ്യമല്ലെന്നും മേരിഗിരി - കാളികുളം - തേർത്തല്ലി പ്രവൃത്തി കഴിഞ്ഞവർഷങ്ങളിൽ റീ - ടാറിംഗ് നടത്തിയെന്നുള്ളതിനാലും ടി റോഡ് പ്രവൃത്തികളുടെ ഭരണാനുമതി പരാമർശം (3), (4) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ ടി പ്രവൃത്തികൾക്ക് പകരം താഴെ പറയുന്ന റോഡ് പ്രവൃത്തികൾക്ക് മാറ്റി അനുവദിച്ചുകൊണ്ട് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

| പ്രവൃത്തി | ഗ്രാമ പഞ്ചായത്ത് |
|---|---|
| കാവും കുടി - കല്ലോടി റോഡ് | ആലക്കോട് |
| കരുവഞ്ചാൽ ഹോസ്പിറ്റൽ - ആനക്കുഴി റോഡ് | നടുവിൽ |

| | |
|---|---|
| നടുവിൽ പഞ്ചായത്ത് ഓഫീസു -ആട്ടുകുളം റോഡ് | നടുവിൽ |
| വായാട്ടുപറമ്പ-ആനക്കുഴി-പള്ളിക്കവല റോഡ് | നടുവിൽ |

3) പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നിർവ്വഹണ പ്രവൃത്തിയുടെ അനുവദനീയമായ പുനരുദ്ധാരണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/230/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 09-01-2026 14:32:21

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്